പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1576

01-11-2019-ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി. ബാലകൃഷ്ണൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിൽ നിന്നും ആനുകൂല്യങ്ങൾ നൽകാറുണ്ട്. പ്രകൃതിക്ഷോഭം കാരണം കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചു പോയി നഷ്ടം ഉണ്ടായതിനും, കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾക്കും, ബണ്ടുകളുടെ പുനർ നിർമ്മാണത്തിനും കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ്.ഡി.ആർ. ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകാറുണ്ട്. കൂടാതെ വിള നാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭം പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള നഷ്ടപരിഹാരം നൽകിവരുന്നു. |
| (ബി) | 2017 ലെ ഓഖിയും 2018 ലെ പ്രളയവും 2019 ലെ അതിതീവ്ര മഴയും, ഉരുൾപൊട്ടലും സംസ്ഥാനത്തെ കർഷകരെ സാരമായി ബാധിച്ച സാഹചര്യത്തിൽ വിള ഇൻഷുറൻസിന്റെ അനിവാര്യതയെപ്പറ്റി കർഷകരെ ബോധ്യപ്പെടുത്തുന്നതിനും തദനുസൃതമായി നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കഴിഞ്ഞ വർഷങ്ങളിലെ പ്രകൃതിക്ഷോഭ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ അനിവാര്യതയെപ്പറ്റി കർഷകർക്ക് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി എല്ലാ കൃഷി ഭവനിലും 2019 ജൂലൈ 1 വിള ഇൻഷ്വറൻസ് ദിനമായി ആചരിക്കുകയും പരമാവധി കർഷകരെ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ജൂൺ 30 വരെ 86414 കർഷകർ മാത്രം അംഗങ്ങളായിരുന്ന സ്ഥാനത്ത് ജൂലൈ 1 മുതൽ 25.10.2019 വരെ, 1,49,165 പുതിയ കർഷകരെ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ആകെ 235579 കർഷകർ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ അംഗങ്ങളാകുകയും 2,95,12,707/- രൂപ പ്രീമിയം ആയി ശേഖരിക്കുകയും 19586 കർഷകർക്ക് ഇൻഷ്വറൻസ് തുക വിതരണം ചെയ്യുകയും ചെയ്തു. |
| (സി) | കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഫസൽ ബീമായോജന എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചത് മൂലം കേരളത്തിലെ കർഷകർക്ക് അധിക ആനുകൂല്യം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ഉണ്ട്. 2019 ഖാരിഫ്/ റാബി സീസണിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പരിഷ്കരിച്ച പ്രധാൻമന്ത്രി ഫസൽ ബീമാ യോജന നടപ്പിലാക്കുവാൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിനു ശേഷം, പരിഷ്കരിച്ച പ്രധാൻമന്ത്രി ഫസൽ ബീമാ യോജന പദ്ധതിയുടെ റിവൈസ്ഡ് ഗൈഡ് ലൈൻസ് പ്രകാരം മിഡ് സീസൺ അഡ് വേഴ്സിറ്റി നോട്ടിഫൈ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 2280.34 ഹെക്ടർ നെൽകൃഷി നശിച്ചതിനും, പത്തനംതിട്ട ജില്ലയിലെ 26.3 ഹെക്ടർ നെൽകൃഷി നശിച്ചതിനും, കോട്ടയം ജില്ലയിലെ 3411.2 ഹെക്ടർ നെൽകൃഷി നശിച്ചതിനും ആകെ 10.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Sreelatha

**സെക്ഷൻ ഓഫീസർ**